പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 377

26/06/2013-ൽ
മറുപടിയ്ക്ക്

## ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി

ചോദ്യം

ഉത്തരം

ശ്രീ. പി.റ്റി.എ. റഹീം
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ഡോ. കെ.ടി, ജലീൽ
ശ്രീ. വി. ചെന്താമരാക്ഷൻ

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| എ) മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള വിവിധ ക്ഷേത്രങ്ങളുടെ വകയായ ഇരുപത്തി അയ്യായിരത്തിലധികം ഏക്കർ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കാൻ ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | എ) മലബാർ ദേവസ്വം ബോർഡ് രൂപീകരണം സംബന്ധിച്ച് 2008 -ൽ സർക്കാർ അസാധാരണ ഗസറ്റ് വിജ്ഞാപനമാക്കി പ്രസിദ്ധം ചെയ്ത ആക്ട് 31/08 94എ വകുപ്പ് പ്രകാരം 1957 ലെ കേരള ലാൻറ് കൺസർവൻസി ആക്ട് മലബാറിലെ ദേവസ്വം ഭൂമിക്കും ബാധകമാക്കിയിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് പകരം സർക്കാർ വകുപ്പായിരുന്ന കാലത്ത് ഒരു സ്പെഷ്യൽ ടീം (റിട്ടയർ ചെയ്ത റവന്യൂ ഉദ്യോഗസ്ഥർ ഉൾപ്പെട്ടത്) 1123 ക്ഷേത്രങ്ങളിൽ സർവ്വേ നടത്തി 24693.24 ഏക്കർ ഭൂമി കൈയ്യേറിയതായി കണ്ടെത്തിയിരുന്നു. തുടർന്ന് 3.31 ഏക്കർ ഭൂമി വ്യവഹാരങ്ങൾ നടത്തിയത് വഴി ക്ഷേത്രങ്ങളിലേക്ക് തിരിച്ചുപിടിക്കുകയുണ്ടായിട്ടുണ്ട്. 2008 -ൽ മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കപ്പെട്ടതിനുശേഷം ദേവസ്വം ഭൂമി അന്യാധീനപ്പെട്ടത് തിരിച്ചുപിടിക്കുന്ന കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് മലബാർ ദേവസ്വം ബോർഡിന് മാത്രമായി ഒരു ലാൻറ് കൺസർവൻസി യൂണിറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണിച്ചുവരികയാണ്. മറ്റു ദേവസ്വം ബോർഡുകളിൽ നിന്നും വ്യത്യസ്തമായി മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങൾ ഓരോന്നും സ്വയംഭരണ യൂണിറ്റുകളായാണ് പ്രവർത്തിച്ചു വരുന്നത്. ദേവസ്വം ഭൂമി അന്യാധീനപ്പെട്ട ക്ഷേത്രങ്ങൾ സ്വന്തം നിലയ്ക്കാണ് നഷ്ടപ്പെട്ട ഭൂമി തിരിച്ചെടുക്കുന്നതിനായി വ്യവഹാരങ്ങൾ നടത്തിവരുന്നത്. |
| ബി) മലബാർ ദേവസ്വം ബോർഡിൽ മാത്രമായി ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് രൂപീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | ബി) മലബാർ ദേവസ്വം ബോർഡിൽ ഒരു ലാൻറ് കൺസർവൻസി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കോഴിക്കോട് ജില്ലാ കളക്ടർ, സർവ്വേ ആൻറ് ലാൻറ് റെക്കോർഡ്സ് വകുപ്പ് ഡയറക്ടർ, ലാൻറ് റവന്യൂ കമ്മീഷണർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | അനധികൃതമായി കൈവശം വച്ചിരിക്കുന്ന 700 ഏക്കറിലധികം വരുന്ന പന്തല്ലൂർ ക്ഷേത്രഭൂമി തിരിച്ചുപിടിക്കാൻ എന്താണ് നിയമതടസ്സമെന്ന് അറിയിക്കുമോ; ആയതു തിരിച്ചുപിടിക്കാനായി കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ? | സി) | 28/4/2012 –ലെ സ.ഉ.(എം.എസ്) നം. 178/12/ആർഡി പ്രകാരം പന്തല്ലൂർ ക്ഷേത്രഭൂമിയുടെ നിലവിലുള്ള സ്റ്റാറ്റസ് അനുസരിച്ച് അത് സർക്കാർ ഭൂമിയായതിനാൽ അത് തിരിച്ചുപിടിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പന്തല്ലൂർ ക്ഷേത്ര ഭൂമി സർക്കാർ ഭൂമിയാണെന്ന റിപ്പോർട്ടിനെതിരെ ക്ഷേത്രം ട്രസ്റ്റി WP(C) 9391/08 –ൽ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസിൽ അന്തിമ വിധി ഹൈക്കോടതിയിൽ നിന്നും ലഭിച്ച ശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ